പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 67 8.03.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ പുന:സംഘടന

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.എം. ഉമ്മർ
ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം

ശ്രീ.വി.എസ്.ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്ത് മോട്ടോർ വാഹന വകുപ്പ് പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും | മോട്ടോർ വാഹന നിയമവും ചട്ടങ്ങളും കർശനമായി നടപ്പാക്കിക്കൊണ്ട് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി മുൻപ് ഈ ലക്ഷ്യം കൈവരിക്കാൻ വേണ്ടി രൂപീകരിച്ചിരുന്ന 14 സ്ക്വാഡുകൾ (ജില്ലയിൽ ഒന്ന് വീതം) കൂടി ഉൾപ്പെടുത്തി 12.12.2011 ലെ സ.ഉ.(കൈയ്യെഴുത്ത്)നം.70/2011/ഗതാഗതം ഉത്തരവു പ്രകാരം മോട്ടോർ വാഹന വകുപ്പിൽ ഒരു എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വയനാട്, കാസർഗോഡ് ജില്ലകളിലൊഴികെ മറ്റു ജില്ലകളിലും അഞ്ച് കോർപ്പറേഷനുകളിലുമാണ് പുതുതായി രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. മോട്ടോർ വാഹന നികുതി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഗതാഗത കമ്മീഷണറേറ്റിൽ ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ചുമതലയിലാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. നാല് സോണുകളിലായി പ്രവർത്തിക്കുന്ന സ്ക്വാഡുകൾ ഓരോ സോണിലും ഒരു ആർ.ടി.ഒ.യുടെ ചുമതലയിലായിരിക്കും പ്രവർത്തിക്കുന്നത്. ഒരു സ്ക്വാഡിൽ ഒരു എം.വി.ഐ.യും, രണ്ട് എ.എം.വി.ഐ.മാരുമാണുള്ളത്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നല്കുമോ; | | |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ പത്തു വർഷത്തിനിടെ യുണ്ടായ വാഹന വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് ജീവനക്കാരുടെ എണ്ണത്തിൽ ഉണ്ടായിട്ടുണ്ടോ; | (സി) | ഉണ്ടായിട്ടില്ല |
| (ഡി) | വാഹന രജിസ്ട്രേഷൻ, മറ്റ് പരിശോധനകൾ തുടങ്ങിയ ജോലികൾ കുറ്റമറ്റതാക്കുന്നതിനും, ലഘൂകരിക്കുന്നതിനും സഹായകരമായ ആധുനിക സങ്കേതങ്ങൾ കഴിഞ്ഞ പത്തു വർഷത്തിനിടെ ഏർപ്പെടുത്തി യിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കുമോ; | (ഡി) | വാഹന രജിസ്ട്രേഷൻ ജോലികൾ കുറ്റമറ്റതാക്കുന്നതിന് ചുവടെ പറയുന്ന സംവിധാനങ്ങൾ മോട്ടോർ വാഹന വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. വാഹനം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ രേഖകളുടെ വിശദാംശങ്ങൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങൾക്ക് വാഹനം രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ, ഫീസ്, ടാക്സ്, സെസ്സ് എന്നിവയെകുറിച്ച് അറിയുവാൻ കഴിയും. കൂടാതെ വാഹന രജിസ്ട്രേഷൻ ജോലികൾ വേഗത്തിലും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വാഹന ഡീലർമാർക്ക് വകുപ്പിൽ നിന്നും ഡീലർ ലോഗിൻ സംവിധാനം നൽകിയിരിക്കുന്നു. ഇതിലൂടെ വാഹനം വാങ്ങുന്ന വ്യക്തിയുടെ വിവരങ്ങൾ ഡീലർ തന്നെ ചേർക്കുകയും ചെയ്യുന്നു. ഇങ്ങനെ ചേർക്കുന്ന വിവരങ്ങൾ വാഹനം രജിസ്റ്റർ ചെയ്യേണ്ട അതാത് ആർ.ടി. ഓഫീസുകളിലെ/ ജോയിന്റ് ആർ.ടി ഓഫീസുകളിലെ ഡേറ്റാബേസിൽ ശേഖരിക്കുന്നു. പൊതുജനങ്ങൾക്ക് ആഫീസിൽ നേരിട്ട് വരാതെ തന്നെ ഇ-പേയ്മെന്റ് നടത്തുവാനുള്ള സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഫീസ്/ നികുതി എന്നിവ ഒടുക്കുവാൻ കഴിയും. പരീക്ഷണാർത്ഥം ഈ സംവിധാനം തിരുവനന്തപുരം ആർ.ടി ഓഫീസിലും കഴക്കൂട്ടം സബ് ആർ.ടി ഓഫീസിലും നടപ്പിലാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യേണ്ട വാഹനം വെഹിക്കിൾ ഇൻസ്പെക്ടർ ഭൗതികമായി പരിശോധിച്ച് ആഫീസിൽ എത്തുന്ന രേഖകൾ അതിവേഗത്തിൽ ആർ.സി ആക്കി സ്പീഡ് പോസ്റ്റിലൂടെ അതാത് വ്യക്തികൾക്ക് അയച്ചുകൊടുക്കുന്നു. ഇങ്ങനെ പൊതുജനങ്ങൾക്ക് വേഗത്തിലും, |

| | | | |
|---|---|---|---|
| | | | സുതാര്യമായും കുറ്റമറ്റ സേവനം വകുപ്പ് നടത്തി പോരുന്നു.<br>വാഹനങ്ങളുടെ പരിശോധനകൾക്കും അനുബന്ധ കാര്യങ്ങൾക്കുമായി മോട്ടോർ വാഹന വകുപ്പ് ചുവടെ പറയുന്ന നടപടികളും എടുത്തുവരുന്നു.<br>1.റഡാർ സർവ്വയിലൻസ് സംവിധാനം<br>അനുദിനം വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണം അമിതവേഗതയാണെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. അതിനുള്ള ഒരു പരിഹാരമാണ് പ്രസ്തുത സംവിധാനത്തിലൂടെ ഉണ്ടാകുന്നത്. തിരുവനന്തപുരത്തു നിശ്ചിത സ്ഥലങ്ങളിൽ സ്പീഡ് ക്യാമറകൾ സ്ഥാപിച്ച് അതുവഴി പോകുന്ന വാഹനങ്ങളുടെ ചിത്രമെടുത്ത് കേന്ദ്രീകൃത മോണിറ്ററിംഗ് സെന്ററിൽ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് നടപടിയെടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>2. ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ<br>ഡ്രൈവിംഗ് ടെസ്റ്റിൽ ഏകീകൃതമായ ഒരു മൂല്യ നിർണ്ണയം നടത്തുന്നതിനായി ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br>3. വാഹന പരിശോധന കേന്ദ്രങ്ങൾ<br>വാഹനപരിശോധനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഓരോ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുവാനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി കോഴിക്കോട് ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് 160 ലക്ഷം രൂപയ്ക്ക് പരീക്ഷണാർത്ഥത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. അതു പോലെ 29.2.2012 ലെ സ.ഉ. (സാധാ) നം.111/2012/ഗതാഗതം പ്രകാരം 180 ലക്ഷം രൂപയ്ക്ക് കണ്ണൂർ ജില്ലയിലെ ഇളവായൂരിൽ ഒരു വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിന് ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.<br>ഇതോടൊപ്പം തന്നെ 2007-2008 സാമ്പത്തികവർഷകാലത്ത് എം.ജി.പി. പദ്ധതിയുടെ ഭാഗമായി 3 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങിച്ച് മേഖലാ ഡി.ടി.സി ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഒരു ഇന്റർസെപ്റ്റർ വാഹനം നൽകിയതും ഉപയോഗിക്കുന്നുണ്ട്. കൂടാതെ 18 റഡാറുകൾ വാങ്ങിച്ച് ഓഫീസുകളിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുകയും അതിലൂടെ വാഹന പരിശോധന കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | വാഹനങ്ങളെ സംബന്ധിച്ചും, ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരെ സംബന്ധിച്ചും കൃത്യമായ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനും, ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, മതിയായ ഉദ്യോഗസ്ഥരെയും, ആധുനിക ഉപകരണങ്ങളും ലഭ്യമാക്കി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | മോട്ടോർ വാഹന നിയമങ്ങൾ കർശനമായി നടപ്പിലാക്കുക വഴി റോഡപകടങ്ങൾ കുറയ്ക്കുക, വാഹന നികുതി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുക, എന്നിവ കർശനമായി നടപ്പിലാക്കുന്നതിനു വേണ്ടി മോട്ടോർ വാഹന വകുപ്പിൽ, 12.12.2011 - ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.70/2011/ഗതാഗതം പ്രകാരം ഒരു എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുകയുണ്ടായി. നേരത്തെ നിലവിലുള്ള 14 സ്ക്വാഡുകൾക്കു പുറമെ, പുതുതായി സൃഷ്ടിച്ച 17 സ്ക്വാഡുകളുടെ പ്രവർത്തനത്തിനായി ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, നാല് ആർ.ടി.ഒ, 17 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, 34 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നീ തസ്തികകൾ അനുവദിച്ചു.<br>വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ ഭാഗമായി വാഹനങ്ങളുടെയും ലൈസൻസിന്റെയും 85% ത്തോളം വിവരങ്ങൾ വകുപ്പിന്റെ ഡാറ്റാബേസിൽ സൂക്ഷിച്ചിട്ടുണ്ട്. ക്രമക്കേടുകൾ കാണുന്ന സാഹചര്യങ്ങളിൽ ഇവയെ കുറിച്ച് കൂടുതൽ അന്വേഷണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി NIC യുടെ സാങ്കേതിക സഹായം തേടാറുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ടി റിപ്പോർട്ടുകളിലെ ശുപാർശകളുടെ വെളിച്ചത്തിൽ ക്രമക്കേടുകൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.<br>തിരുവനന്തപുരത്തു നിശ്ചിത സ്ഥലങ്ങളിൽ സ്പീഡ് ക്യാമറകൾ സ്ഥാപിച്ച് അതുവഴി പോകുന്ന വാഹനങ്ങളുടെ ചിത്രമെടുത്ത് കേന്ദ്രീകൃത മോണിറ്ററിംഗ് സെന്ററിൽ ശേഖരിക്കുകയും കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് നടപടിയെടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>എം.ജി.പി. പദ്ധതിയുടെ ഭാഗമായി 3 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങിച്ച് മേഖലാ ഡി.ടി.സി ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ, 18 റഡാറുകൾ വാങ്ങിച്ച് ഓഫീസുകളിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുകയും അതിലൂടെ വാഹന പരിശോധന കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ